"ഭരണഭാഷ - മാതൃഭാഷ"

നമ്പർ:H1-12687/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 22.02.2017.
Email: swdkerala@gmail.com
Phone: 0471- 2306040.

# സർക്കുലർ

**വിഷയം:** UDID - അംഗപരിമിതർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.

**സൂചന:**
1. D.O. No. 26/08-/20/2015-DD111 dated 2.11.2016 from Ministry of Social Justice and Empowerment G.O.I
2. G.O (Rt) No. 555/2016/SJD dated 29.11.2016.

ദേശീയ തലത്തിൽ അംഗപരിമിതർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി (Unique ID for Persons with Disabilities- UDID) എന്ന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ Ministry of Social Justice and Empowerment രൂപം നൽകിയിട്ടുണ്ട്. തിരിച്ചറിയൽ കാർഡ് നൽകുന്നതോടൊപ്പം അംഗപരിമിതർക്കുള്ള വിവിധ സേവനങ്ങൾ സമന്വയിപ്പിക്കുന്നതിനായി ദേശീയ തലത്തിൽ ഒരു Data Base തയ്യാറാക്കുക എന്നതും UDID യുടെ ലക്ഷ്യമാണ്. സംസ്ഥാന തലത്തിൽ ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ സൂചന ഒന്ന് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവ സംയുക്തമായാണ് UDID പദ്ധതി നടപ്പാക്കുന്നത്. സൂചന 2 പ്രകാരം ഈ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യാനുള്ള നോഡൽ ഏജൻസിയായി കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റ് UDID കാർഡുകൾ നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ്‌വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് UDID കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം ലഭ്യമാകുംവിധമാണ് UDID സംവിധാനം ക്രമീകരിച്ചിരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് UDID കാർഡിന് അർഹതയുള്ള അംഗപരിമിതരെ മൂന്ന് വിഭാഗമായി തരം തിരിച്ചിട്ടുണ്ട്.

1. നിലവിൽ അംഗപരിമിതി തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും, സാമൂഹ്യനീതി വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡും ഉള്ളവർ.
2. നിലവിൽ അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് മാത്രം ഉള്ളവർ
3. അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാത്തവർ.

ഇതിൽ ഒന്നും രണ്ടും വിഭാഗത്തിൽ ഉൾപ്പെടുന്നവർ UDID കാർഡ് എടുക്കുന്നതിന് വീണ്ടും അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് എടുക്കേണ്ടതില്ല. നിലവിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ UDID യ്ക്ക് അപേക്ഷിക്കാവുന്നതും കാർഡ് ലഭ്യമാക്കാവുന്നതുമാണ്. എന്നാൽ ഇതിനായി പ്രത്യേകം അപേക്ഷ നൽകണം. അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർ ആദ്യം മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ UDID കാർഡ് നൽകുന്നതുമാണ്. ഇതിനും

അപേക്ഷ നൽകേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് UDID പദ്ധതി നടപ്പാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. UDID കാർഡുകൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ സംസ്ഥാനത്തെ എല്ലാ അങ്കണവാടികൾ വഴി 2017 മാർച്ച് 9 മുതൽ വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ അപേക്ഷാ ഫോറങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ അച്ചടിച്ച് ലഭ്യമാക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ അങ്കണവാടികളിൽ തന്നെ സ്വീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ അപേക്ഷാ ഫോറങ്ങൾ അങ്കണവാടി വർക്കർമാർ പൂരിപ്പിച്ച് നൽകണം. ഇപ്രകാരം പൂരിപ്പിച്ച് നൽകുന്ന ഓരോ ഫാറത്തിനും അഞ്ച് രൂപ നിരക്കിൽ അങ്കണവാടി വർക്കർക്ക് നൽകുന്നതാണ്.

   ആദ്യ ഘട്ട അപേക്ഷകൾ മാർച്ച് 20-ാം തീയതി വരെ എല്ലാ അങ്കണവാടികളിലും സ്വീകരിക്കേണ്ടതാണ്. ഇതിനുവേണ്ട ക്രമീകരണങ്ങൾ സി.ഡി.പി.ഒ. മാർ നടത്തേണ്ടതും, ഈ പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നു എന്നുറപ്പാക്കാനായി ICDS സൂപ്പർവൈസർമാർക്ക് ചുമതല നൽകേണ്ടതുമാണ്.

2. രണ്ട് നിറങ്ങളിലുള്ള അപേക്ഷാ ഫാറങ്ങളാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ അച്ചടിച്ച് നൽകുന്നത്. ഇതിൽ 'മഞ്ഞ' നിറത്തിലുള്ള അപേക്ഷാഫാറം നിലവിൽ അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളവർ പൂരിപ്പിച്ച് നൽകേണ്ടതാണ്. 'പിങ്ക്' നിറത്തിലുള്ള അപേക്ഷാഫാറം നിലവിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാത്തവർ പൂരിപ്പിച്ച് നൽകാനുള്ളതാണ്.

3. അപേക്ഷകൾ ലഭിക്കുമ്പോൾ അപേക്ഷാഫാറത്തിന്റെ താഴ്ഭാഗം പൂരിപ്പിച്ച് മുറിച്ചെടുത്ത് അപേക്ഷകന് കൈപ്പറ്റ് രസീതായി നൽകണം.

4. ഇപ്രകാരം ഓരോ അങ്കണവാടിയിലും ലഭിക്കുന്ന അപേക്ഷകൾ തരംതിരിച്ച് (പിങ്ക്, മഞ്ഞ) പ്രത്യേകം ലിസ്റ്റ് തയ്യാറാക്കി ഓരോ ആഴ്ച അവസാനവും അങ്കണവാടിയുടെ ചുമതലയുള്ള സൂപ്പർവൈസർമാർക്ക് നൽകണം. സൂപ്പർവൈസർമാരിൽ നിന്നും ഈ അപേക്ഷകൾ സി.ഡി.പി.ഒ. സമാഹരിക്കണം. ലിസ്റ്റിന്റെ കോപ്പിയോടൊപ്പം സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ജില്ലാ കോർഡിനേറ്റർ ഓരോ ആഴ്ചയിലും ഈ അപേക്ഷകൾ സി.ഡി.പി.ഒ മാരിൽ നിന്നും സമാഹരിക്കണം.

5. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ജില്ലാ കോർഡിനേറ്റർമാർ കാർഡിനു മാത്രമുള്ള അപേക്ഷകൾ (മഞ്ഞ) ജില്ലാ തലത്തിൽ ഇതിനായി ചുമതലപ്പെടുത്തുന്ന സ്ഥാപനങ്ങൾ വഴി ഡേറ്റാ എൻട്രി നടത്തി UDID കാർഡുകൾ സി.ഡി.പി.ഒ.മാർക്ക് നൽകേണ്ടതും അങ്കണവാടികൾ വഴി ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതുമാണ്.

6. മെഡിക്കൽ സർട്ടിഫിക്കറ്റ് ആവശ്യമുള്ള അപേക്ഷകർക്കായി നിലവിൽ അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്നതിനായി ഇപ്പോൾ നടക്കുന്നതുപോലെ ക്യാമ്പുകൾ സംഘടിപ്പിച്ച്, ക്യാമ്പുകളിൽ വച്ചുതന്നെ ഡേറ്റാ എൻട്രി നടത്തി, മെഡിക്കൽ സർട്ടിഫിക്കറ്റുകളും, കാർഡുകളും വിതരണം ചെയ്യേണ്ടതാണ്. ഇതിനുവേണ്ട പ്രത്യേക നിർദ്ദേശം കേരള സാമൂഹ്യ സുരക്ഷാ മിഷൻ നൽകുന്നതാണ്.

7. 2017 മാർച്ച് 20 ന് ശേഷവും രണ്ടാം ഘട്ടമായി അപേക്ഷകൾ അങ്കണവാടികൾ വഴി വിതരണം ചെയ്ത് പൂരിപ്പിച്ച് അങ്കണവാടികളിൽ തന്നെ സ്വീകരിക്കേണ്ടതാണ്. ഈ അപേക്ഷകൾ ഓരോ 15 ദിവസം കൂടുമ്പോഴും സൂപ്പർവൈസർമാർ സമാഹരിച്ച് സി.ഡി.പി.ഒ.മാർക്ക് നൽകേണ്ടതാണ്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ജില്ലാ കോർഡിനേറ്റർമാർ ഇവ സി.ഡി.പി.ഒ.മാരിൽ നിന്നും സമാഹരിച്ച് കാലതാമസം വരുത്താതെ UDID കാർഡുകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും നൽകുന്നതിനുള്ള ക്രമീകരണം ചെയ്യേണ്ടതുമാണ്.

PI

8. UDID യുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ ജില്ലാതലത്തിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് സംഘടിപ്പിക്കുന്നതാണ്.

9. UDID സംബന്ധിച്ച സംശയങ്ങൾക്ക് 0471-2343466 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

UDID നിർവഹണവും ആയി ബന്ധപ്പെട്ട അപേക്ഷാഫാറങ്ങൾ നൽകുന്നതിനും, പൂരിപ്പിച്ച് തിരികെ ലഭ്യമാക്കുന്നതിനും, സി.ഡി.പി.ഒ. തലം വരെയുള്ള ക്രമീകരണങ്ങൾ നടത്തുന്നു എന്ന കാര്യം ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസർമാരും, ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും ഉറപ്പാക്കേണ്ടതാണ്.

പദ്ധതിയുടെ പ്രയോജനം പരമാവധി അംഗപരിമിതർക്ക് ലഭ്യമാകുന്നതിനാവശ്യമായ പ്രചരണം അങ്കണവാടികൾ വഴിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും സി.ഡി.പി.ഒ മാർ നടത്തേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

**പകർപ്പ്:**

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

PL